## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2601 19/07/2011 ൽ മറുപടിക്ക്

### പോലീസ് ക്രിമിനൽവൽക്കരണം കുറയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ കെ കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| പോലീസുകാരിലെ ക്രിമിനൽവൽക്കരണം കുറയ്ക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലമുള്ള പോലിസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ വകുപ്പുതലത്തിൽ കൈക്കൊണ്ടുവരുന്നു. പോലീസ് ഉദ്യോഗസ്ഥരുടെ വ്യക്തിജീവിതം നിരീക്ഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെയും കുടുംബാംഗങ്ങളുടെയും വരുമാന സ്രോതസിനെപ്പറ്റി വിവരങ്ങൾ ശേഖരിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ |

| | |
|---|---|
| | ഉൾപ്പെടുന്ന പോലിസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നത് കൂടാതെ ബോധവൽക്കരണ ക്ലാസുകൾ നടത്തിയും നിരന്തരം നിരീക്ഷിച്ചും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അച്ചടക്കലംഘനം, സ്വഭാവദൂഷ്യം, സേനയുടെ സൽപ്പേരിന് കളങ്കം ചാർത്തുന്ന രീതിയിലുള്ള പ്രവർത്തികൾ തുടങ്ങിയവയിൽ വകുപ്പുതല ശിക്ഷാനടപടികളും കൈക്കൊണ്ടുവരുന്നു. കുറ്റകൃത്യങ്ങളുടെ സ്വഭാവമനുസരിച്ച് നിലവിലുള്ള നിയമ പ്രകാരം പോലിസ് ഉദ്യോഗസ്ഥർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചും നടപടികൾ കൈക്കൊണ്ടു വരുന്നു. |